# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 170

06/07/2015 ൽ മറുപടിക്ക്

**സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങൾ**

**ചോദ്യം :**

ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. പി. ഉബൈദുള്ള
ശ്രീ. പി. കെ. ബഷീർ
ശ്രീ. സി. മോയിൻ കുട്ടി

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഓഫീസ് പ്രവർത്തനത്തിനിടയിൽ മദ്യപിക്കുക, പുകവലിക്കുക, മദ്യപിച്ച് ഓഫീസിൽ വരിക എന്നിവ ചെയ്യുന്ന ജീവനക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് നിർദ്ദേശം നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) ഓഫീസ് പ്രവർത്തി സമയത്തും കർത്തവ്യ നിർവ്വഹണ അവസരങ്ങളിലും പുകവലി, മദ്യപാനം, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗിക്കൽ എന്നിവയിൽ ഏർപ്പെടുന്ന ജീവനക്കാർക്കെതിരെ 1960 - ലെ KCS(CC&A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെയും കർശന നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) കഞ്ചാവ്, മറ്റ് മയക്കു മരുന്നുകൾ, പുകയില ഉല്പന്നങ്ങൾ, എന്നിവ ഈ വ്യവസ്ഥകളിൽ ഉൾപ്പെടുന്നുണ്ടോയെന്നു വെളിപ്പെടുത്തുമോ ; | (ബി) ലഹരി പദാർത്ഥങ്ങളെല്ലാം ഈ വ്യവസ്ഥകളിൽ ഉൾപ്പെടുന്നുണ്ട്. |
| (സി) ഇതു സംബന്ധിച്ച നിർദ്ദേശം നല്കിയ ശേഷം, പെരുമാറ്റചട്ടമോ, നിർദ്ദേശമോ ലംഘിച്ചതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടി എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ? | (സി) നിർദ്ദേശം ലംഘിച്ചതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടി എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ